ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) മുൻവർഷങ്ങളിൽ അനുവദിച്ചിരുന്നതും വിവിധ കാരണങ്ങളാൽ നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തതുമായ ഭവനങ്ങൾ വാസയോഗ്യമാം വിധം നിർമ്മാണം പൂർത്തീകരിക്കുന്നതിനായി വീടൊന്നിന് ഒരു ലക്ഷം രൂപ നിരക്കിൽ ധനസഹായം നൽകുന്ന ഭവന പുനരുദ്ധാരണ പദ്ധതി 2013-14 സാമ്പത്തിക വർഷം മുതൽ നടപ്പാക്കിവരുന്നു.

പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ചുവടെ ചേർക്കുംപ്രകാരം തുക അനുവദിച്ച് നൽകിയിരുന്നു :

സാമ്പത്തിക വർഷം	വീടുകളുടെ എണ്ണം	അനുവദിച്ച തുക
2013-14	500	500 ലക്ഷം
2014-15	500	500 ലക്ഷം
2015-16	500	500 ലക്ഷം

പട്ടികവർഗ്ഗക്കാർക്കുള്ള ധനസഹായം

284 (632) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14, 2014-15 വർഷങ്ങളിൽ വൈപ്പിൻ മണ്ഡലത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് ഭവന നിർമ്മാണം, മെയിന്റനൻസ് എന്നീ ഇനങ്ങളിലായി സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ധനസഹായത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ ; എങ്കിൽ എത്രയെന്നും എന്നത്തേക്ക് തുക അനുവദിക്കാനാകുമെന്നും വെളിപ്പെടുത്തുമോ ;

(സി) ധനസഹായത്തിന് അർഹരായ എത്രപേരുണ്ടെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം വൈപ്പിൻ മണ്ഡലത്തിൽ വീടുകൾ അനുവദിച്ചിട്ടില്ല. എന്നാൽ 2013-14 -ൽ അറ്റകുറ്റപ്പണികൾക്കായി ഒരു ലക്ഷം രൂപ ഒരു ഗുണഭോക്താവിന് അനുവദിച്ചിട്ടുണ്ട്.

(ബി) നിലവിൽ കടിശ്ശികയൊന്നും നൽകാനില്ല.

(സി) വൈപ്പിൻ മണ്ഡലത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾ താമസിക്കുന്ന 19 വീടുകൾ മോശപ്പെട്ട അവസ്ഥയിലുണ്ട്. ടി ഗുണഭോക്താക്കൾ ഭവന നിർമ്മാണ ധനസഹായം, ഭവന അറ്റകുറ്റപ്പണി ധനസഹായം എന്നിവ കൈപ്പറ്റിയിട്ട് നിശ്ചിത കാലയളവ് കഴിയാത്തതിനാലും സ്വന്തം പേരിൽ ഭൂമി ഇല്ലാത്തതിനാലും നിലവിലെ നിയമപ്രകാരം ഈയിനങ്ങളിൽ ധനസഹായം അനുവദിക്കാൻ സാധിക്കുകയില്ല. 2014-15 വർഷം ബ്ലോക്കിൽനിന്നും ഭവന നിർമ്മാണ ധനസഹായം അനുവദിച്ച 3 പേർ നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

ആദിവാസി ക്ഷേമ പദ്ധതികൾ

285 (633) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആദിവാസികളുടെ ക്ഷേമത്തിനായി പുതുതായി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണ് ;

(ബി) പ്രസ്തുത പദ്ധതികളിലൂടെ ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആദിവാസികളുടെ ക്ഷേമത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പിൽ പുതുതായി നടപ്പിലാക്കിയ പദ്ധതികളും അതിലൂടെ കൈവരിച്ച നേട്ടങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്